## പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: **1596**.

**31-01-2018 ൽ മറുപടിയ്ക്ക്**

### കുട്ടനാട് മണ്ഡലത്തിലെ തരിശ് നിലങ്ങൾ

**ചോദ്യം**
ശ്രീ.തോമസ് ചാണ്ടി

**മറുപടി**
ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കുട്ടനാട് മണ്ഡലത്തിലെ തരിശ് നിലങ്ങൾ കൃഷ്യയോഗ്യമാക്കുന്നതിന് അടിയന്തര പ്രാധാന്യത്തോടെ പദ്ധതി നടപ്പാക്കുന്ന കാര്യം പരിഗണിക്കുമോ? | (എ) | തരിശ് നിലങ്ങൾ കൃഷ്യയോഗ്യമാക്കുന്നതിന് സമഗ്ര നെൽകൃഷി വികസന പദ്ധതി പ്രകാരം ആനുകൂല്യങ്ങൾ നൽകുന്നുണ്ട്. തുടർച്ചയായ മൂന്ന് വർഷം ആനുകൂല്യം നൽകുന്നുണ്ട്. കർഷകനും ഭൂവുടമയ്ക്കും സഹായധനം നൽകാൻ വ്യവസ്ഥയുണ്ട്. ഒന്നാം വർഷം കർഷകന് 25,000/- രൂപയും ഭൂവുടമയ്ക്ക് 5000/- രൂപയും നൽകും. രണ്ടാംവർഷം ഇത് യഥാക്രമം 5,800/- രൂപയും 1,200/- രൂപയും, മൂന്നാം വർഷം 3,750/- രൂപയും 750/- രൂപയും ആണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. പ്രസ്തുത പദ്ധതിയിൽപ്പെടുത്തി കുട്ടനാട് മണ്ഡലത്തിൽ അടിയന്തിര പ്രാധാന്യത്തോടെ പരമാവധി തരിശുനിലങ്ങൾ കൃഷിയോഗ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br>ഇതിനുപുറമേ ചമ്പക്കുളം, എടത്വ, കൈനകരി പഞ്ചായത്തുകളിൽപ്പെടുന്ന 240 ഹെക്ടർ സ്ഥലത്ത് അത്യുല്പാദന ശേഷിയുള്ളതു ഹ്രസ്വകാല/മദ്ധ്യകാല മൂപ്പുള്ള നെല്ലിനങ്ങളായ പ്രത്യാശ, ശ്രേയസ് എന്നിവ കൃഷി ചെയ്യുന്നതിന് പദ്ധതിയധിഷ്ഠിതമായി 6 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.<br>രാമങ്കരി കൃഷിഭവൻ പരിധിയിലുള്ള പടിഞ്ഞാറേ മംഗലശ്ശേരി പാടശേഖരത്തിൽ 23.5 ഏക്കറിൽ ജൈവ കൃഷി ചെയ്യുന്നതിന് 1.999 ലക്ഷം രൂപ പദ്ധതിയധിഷ്ഠിതമായി അനുവദിച്ചിട്ടുണ്ട്.<br>വീയപുരം കൃഷിഭവൻ പരിധിയിലെ മുണ്ടുതോട് പോളത്തുരുത്ത് പാടശേഖരത്തിൽ രണ്ട് 7.5 HP പമ്പുസെറ്റ് സ്ഥാപിക്കുന്നതിന് പദ്ധതിയധിഷ്ഠിതമായി 2.5 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.<br>ചമ്പക്കുളം കൃഷിഭവൻ പരിധിയിൽ റൈസ് മില്ല് സ്ഥാപിക്കുന്നതിന് 5 ലക്ഷം രൂപയും തലവടി കൃഷിഭവൻ പരിധിയിൽ റൈസ് മില്ലിന് 3 ലക്ഷം രൂപയും പദ്ധതിയധിഷ്ഠിതമായി അനുവദിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**